# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T 4257 17.05.2017 ൽ മറുപടിയ്ക്ക്

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ പേരിൽ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ള 684 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത്തരം ക്രിമിനലുകളെ നിരീക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ലോക്കൽ പോലീസിനും ഷാഡോ പോലീസിനും രഹസ്യാന്വേഷണ വിഭാഗത്തിനും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇവർ കൂട്ടമായും അല്ലാതെയും താമസിക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗ് നടത്തി വരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങളിൽ ജനമൈത്രി പോലീസ്, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ നിരീക്ഷണം നടത്തി വരുന്നുമുണ്ട്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ സംവിധാനം ഉണ്ടോ;ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആർ.എസ്.ബി.വൈ.യുടെ മാതൃകയിൽ 'ആവാസ്' എന്ന പേരിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി 27/10/2016-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആവാസ് പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷിതത്വം |

ഉറപ്പുവരുത്താനും അതോടൊപ്പം വ്യക്തിഗത വിവരശേഖരണം നടത്തി ഒരു ഡേറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും. ഇൻഷുറൻസ് പരിരക്ഷയോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടും മേൽ വിവരങ്ങൾ മറ്റു വകുപ്പുകൾക്ക് പ്രാപ്യമാക്കുവാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ്യ ഏകീകൃത ഇൻഷുറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. ഇത് ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡാണ്. ചിപ്പ് അധിഷ്ഠിതമായ ഈ തിരിച്ചറിയൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ.ആർ. കോഡ് എന്നിവ ഉണ്ടായിരിക്കും.

സെക്ഷൻ ഓഫീസർ.

അനുബന്ധം

| A | ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ ക്രിമിനൽ കേസ്സുകളുടെ എണ്ണം |
|---|---|
| TVMC | 28 |
| TVMR | 3 |
| KLMC | 20 |
| KLMR | 6 |
| PTA | 11 |
| ALP | 18 |
| KTM | 30 |
| IDK | 26 |
| EKMC | 100 |
| EKMR | 198 |
| TSRC | 21 |
| TSRR | 33 |
| PKD | 4 |
| MPM | 76 |
| KKDC | 44 |
| KKDR | 21 |
| WYD | 5 |
| KNR | 16 |
| KSD | 11 |
| RLY | 13 |
| **Total** | **684** |

സെക്ഷൻ ഓഫീസർ.